ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

513 [713] ശ്രീ. ജി. വരദൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ നടത്തിപ്പിൽ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം അഴിമതികൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ വർഷത്തെ കോഴ്സിന് പ്രവേശനം നേടിയവർ ഏതേത് ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നവരാണെന്ന വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

പുതിയ വിദ്യാഭ്യാസ ജില്ലകൾ

514 [715] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണപരമായ ആവശ്യം കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്.

പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകൾക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കാൻ നടപടി

515 [716] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകളായ കുറവിപ്പാങ്ങാട്, വഞ്ചിവയൽ എന്നിവയ്ക്ക് സ്ഥിരം കെട്ടിടം ഇല്ലെന്നും ഇപ്പോൾ ഉള്ള കെട്ടിടം തകർന്നു വീഴാറായതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന്റെ കാലതാമസം വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതി.

(സി) ഗവൺമെൻറ് എച്ച്. എസ്. കുറനിപ്പാങ്ങാട്, ഗവൺമെൻറ് എൽ. പി. എസ്. വഞ്ചിവയൽ എന്നീ സ്കൂളുകളുടെ പേര് കെട്ടിടനിർമ്മാണത്തിനുള്ള മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഒരുലക്ഷം രൂപ പി. ടി. എ. കളെ ഏൽപ്പിക്കുമെന്ന പ്രഖ്യാപനം

516 [717] ശ്രീ. കെ. ടി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഒരുലക്ഷം രൂപ പി. ടി. എ. കളെ ഏൽപ്പിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ മാറ്റംവരുത്തി പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരെ ഏൽപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ, ബി, സി) വെള്ളപ്പൊക്ക കെടുതിയിൽപ്പെട്ട സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം, താൽക്കാലിക ഷെഡ്ഡുകളുടെ നിർമ്മാണം മുതലായവയ്ക്കുവേണ്ടി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യമായ ഓരോ സ്കൂളിനും ഒരുലക്ഷം രൂപാ വീതം സർക്കാർ അനുവദിക്കുകയുണ്ടായി. ഈ പദ്ധതി അതാത് അദ്ധ്യാപക രക്ഷാകർതൃ സംഘടനമുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ചെയ്യുന്നതുപോലെ ജോലിയുടെ പുരോഗതി അനുസരിച്ച് ആവശ്യമായ തുക പൊതുമരാമത്തു വകുപ്പ് മുഖേന അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളെ ഏൽപ്പിക്കുന്നതാണ്.

പണി പൂർത്തിയാവാത്ത സർക്കാർ സ്കൂൾ കെട്ടിടങ്ങൾ

517 [718] ശ്രീ. കെ. ടി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതിയനുസരിച്ച് ഓരോ മണ്ഡലത്തിലും സ്കൂൾ കെട്ടിടങ്ങൾക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ച 2 ലക്ഷം രൂപ പണി പൂർത്തിയാകാത്ത സർക്കാർ സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കാൻ നല്കണമെന്ന് എം. എൽ. എ. മാരും പി. ടി. എ. കളും ആവശ്യപ്പെട്ടിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് സർക്കാർ ഇത് അനുവദിക്കാതിരുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly